# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **974** — **12/06/2014** ൽ മറുപടിക്ക്

### രാഷ്ട്രീയമാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |

എ) സംസ്ഥാനത്തെ രാഷ്ട്രീയമാധ്യമിക് ശിഷാ അഭിയാൻ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

എ) 14 നും 18 നും ഇടയിൽ പ്രായമുള്ള എല്ലാവർക്കും ഗുണനിലവാരമുള്ള സെക്കന്ററി വിദ്യാഭ്യാസം നൽകുക എന്നതാണ് രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതിയുടെ പ്രധാന ലക്ഷ്യം.

ഈ പദ്ധതിയുടെ ഉദ്ദേശ്യങ്ങൾ ഇവയാണ്.

1. എല്ലാ സെക്കന്ററി സ്കൂളുകളിലും അടിസ്ഥാന സൗകര്യങ്ങളും അദ്ധ്യാപകരും മറ്റ് അവശ്യ സൗകര്യങ്ങളും ഉണ്ടെന്ന് ഉറപ്പാക്കുക.
2. ഓരോ 5 കിലോമീറ്ററിനുള്ളിൽ ഒരു ഹൈസ്കൂളെങ്കിലും, 7-10 കിലോമീറ്ററിനുള്ളിൽ ഒരു ഹയർ സെക്കന്ററി സ്കൂളെങ്കിലും സ്ഥാപിച്ചും ആവശ്യമായ യാത്രാ സൗകര്യങ്ങൾ, ഹോസ്റ്റൽ സൗകര്യങ്ങൾ എന്നിവ നൽകിയും എല്ലാവർക്കും സ്കൂളിലെത്താനുള്ള സൗകര്യം ഒരുക്കുക.
3. സ്ത്രീ-പുരുഷ, ജാതി-മത സാമ്പത്തിക, ശാരീരിക വൈകല്യ വ്യത്യാസങ്ങളാൽ ഒരു കുട്ടി പോലും സ്കൂളുകളിലെത്താതിരിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുക.
4. സെക്കന്ററി വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കാനായി പാഠ്യപദ്ധതി പരിഷ്ക്കരിക്കുക.
5. എല്ലാ കുട്ടികൾക്കും ഗുണനിലവാരമുള്ള സെക്കന്ററി വിദ്യാഭ്യാസം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക.

ബി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ചെലവഴിച്ച തുകയും കേന്ദ്ര വിഹിതവും വാർഷികാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

ബി) ഈ സർക്കാരിന്റെ കാലത്ത് ആർ.എം.എസ്.എ പദ്ധതിയുമായി ബന്ധപ്പെട്ട് ചിലവഴിച്ച തുകയും കേന്ദ്രവിഹിതവും ചുവടെ ചേർക്കുന്നു.

| വർഷം | കേന്ദ്ര വിഹിതം | ചെലവഴിച്ച തുക |
|---|---|---|
| 2011-12 | 1909 ലക്ഷം രൂപ | 931.39 ലക്ഷം രൂപ |
| 2012-13 | 1527 " | 2108.86 " |
| 2013-14 | 1719 " | 4087.58 " |

സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പത്തനംതിട്ട ജില്ലയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ളത്; ആയതിനായി ചെലവഴിച്ച സംസ്ഥാന ഫണ്ടും കേന്ദ്ര വിഹിത വിവരവും വ്യക്തമാക്കുമോ ?

സി) പത്തനംതിട്ട ജില്ലയിൽ ആർ.എം.എസ്.എ യിലൂടെ ചെലവഴിച്ച തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഇനം | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 2011-12 | സ്കൂൾ ഗ്രാന്റ് | 25,50,000 |
| | മൈനർ റിപ്പയർ ഗ്രാന്റ് | 12,75,000 |
| | അദ്ധ്യാപക പരിശീലനം | 11,84,904 |
| 2012-13 | Nil | |
| 2013-14 | സ്കൂൾ ഗ്രാന്റ് | 23,00,000 |
| | മൈനർ റിപ്പയർ ഗ്രാന്റ് | 8,75,000 |
| | അദ്ധ്യാപക പരിശീലനം | 1,41,000 |
| | ഹെഡ്മാസ്റ്റർ ട്രെയിനിംഗ് | 24,000 |
| | സയൻസ് കിറ്റ് | 50,000 |
| | ബുക്ക് ഫെയർ | 71,000 |
| | സ്പോർട്സ് ഉപകരണങ്ങൾ | 40,000 |
| | സ്പെഷ്യൽ ടീച്ചിംഗ് | 1,00,000 |
| | സെൽഫ് ഡിഫൻസ് ട്രെയിനിംഗ് | 3,00,005 |
| | ട്രെയിനിംഗ്-കമ്മ്യൂണിറ്റി ലീഡേഴ്സ് | 2,20,000 |
| | എം.എം.ഇ.ആർ | 27,000 |
| ആകെ | | 91,57,909 |

കേന്ദ്ര വിഹിതമായി

ചെലവഴിച്ച തുക - 68,68,432 രൂപ

സംസ്ഥാന വിഹിതമായി

ചെലവഴിച്ച തുക - 22,89,477 രൂപ

സെക്ഷൻ ഓഫീസർ